NEUTRALS—6-

1. Mr. S. Adam Sait	4. Mr. G. Narayana Aiyar
2. ,, V. S. Arumukham Pillai	5. ,, N. K. Padmanabha Pillai
3. ,, H. O. L. Marikar	6. ,, S. Piraviperumal Pillai

The resolution was declared lost, 4 voting *for*, 21 *against* and 6 remaining *neutral*.

The Council rose for lunch at 1 P. M. and reassembled at 2 P.M with Mr. L. A. Lampard, one of the Panel of Chairmen, in the Chair.

Chairman : The next resolution is resolution No. 2 standing in the name of Mr. N. K. Padmanabha Pillai.

REDUCTION OF LAND TAX.

Mr. N. K. Padmanabha Pillai : സർ, ഇതാണ് എന്റെ പ്രമേയം:

"This Council recommends to the Government that land tax, including water-cess be reduced by fifty per cent. till normal conditions are restored."

ഇതിനെ ഈ സഭയുടെ അംഗീകരണത്തിനായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ സംഗതിയെ സംബന്ധിച്ചു വല്ലതായ ഒരു പ്രസംഗംചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല; അതിന്റെ ആവശ്യവുമില്ല. എങ്കിലും രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ട്.

ദൈനംദിനം വർദ്ധിച്ചുവരുന്നതും മഹാരാജാവുതിരുമനസ്സിലെ പ്രജകളെ അത്യധികം ക്ലേശിപ്പിച്ചു വരുന്നതുമായ ആ ഭീരന്തദുരിതത്തിൽനിന്നും അല്ലെങ്കിൽ സാമ്പത്തികാധഃപതനത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടെന്നാണു എനിക്കാദ്യമായി പറയുവാനുള്ളതു്. ഈ സംഗതി ഈ നാട്ടിലുള്ള എല്ലാപേർക്കും പരക്കെ അറിവുള്ള ഒന്നാണ്. അതുപോലെതന്നെ മറുവശത്തിരിക്കുന്ന ഉദ്യോഗസ്ഥമെമ്പർമാർക്കും ഈ ഭീരവസ്ഥയെ സംബന്ധിച്ചു ധാരാളം അറിവുണ്ടെന്നു ഈ സഭയിൽ തന്നെ അവർ പ്രസംഗിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറുയോഗത്തിൽ തന്നെ നമ്മുടെ ഫിനാൻഷ്യൽ സെക്രട്ടറി അവർകളും ഈ സംഗതിയെ സംബന്ധിച്ചു വളരെ പ്രസംഗിക്കയും ആ ഭാഗം സമ്മതിക്കയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ബഹുമാന്യന്മാരായ റവന്യൂകമ്മീഷണർ, ചീഫ് സെക്രട്ടറി മുതലായവരും ഇതിനെ സംബന്ധിച്ചു പ്രസംഗിക്കയും സഹതാപം പ്രദർശിപ്പിക്കയും ചെയ്തിട്ടുള്ളതായി നമുക്കു എല്ലാപേർക്കും അറിയാവുന്നതാണെല്ലോ ? ഇങ്ങനെയൊക്കെ ആണെങ്കിലും കാര്യഭാഗത്തിൽ വരുമ്പോൾ അവരുടെ പ്രസംഗങ്ങൾ അനുസരിച്ചു നടപ്പിൽ വരുത്താൻ ശ്രമിക്കുന്നില്ല എന്നു ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. അവർ പറയുന്നതുപോലെ ഗവണ്മെൻറുഭാഗത്തുനി

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

ന്നും കൃഷിക്കാരുടെ ദുരിതനിവാരണത്തിനായി പലതും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സംയുക്തസമ്മേളന (Joint sitting)ത്തിലും ദിവാൻജി അവർകൾ കർഷകരുടെ സങ്കടത്തെപ്പറ്റി അത്യന്തം ദുഃഖം പ്രകടിപ്പിക്കയും ഫ 0 ൻ-ൽ നിലങ്ങൾക്കുമാത്രം ഫ വ ഈ ശതമാനം കുറച്ചിരുന്നതു ഫ ഫ ഫ 0 -ൽ നിലങ്ങൾക്കും പുരയിടങ്ങൾക്കും ചിലസ്ഥങ്ങളിൽ ഫ വ ഫ/വ ശതമാനവും ചിലസ്ഥലങ്ങളിൽ ഫ വ ഈ ശതമാനവും കുറച്ചിട്ടുണ്ടെന്നുപ്രസ്താവിക്കയും ചെയ്തു. ഈ ഇനത്തിൽ ഗവണ്മെൻറിനു നാലുലക്ഷത്തിൽപരം രൂപാനഷ്ടമുണ്ടെന്നാണ് അദ്ദേഹം പറഞ്ഞതു്. അതവാ അങ്ങിനെ നഷ്ടമുണ്ടെങ്കിൽ തന്നെയും അതൊരുവലിയ നഷ്ടമായി കരുതുവാനില്ല. ഇതുകൊണ്ടു് ജനങ്ങൾക്കു വലുതായഗുണം സിദ്ധിച്ചിട്ടില്ലെന്നു പറയുവാൻ തരമില്ല.

തെങ്ങും നെല്ലുമാണ് ഇവിടത്തെ പ്രധാനമായ ഉല്പന്നങ്ങൾ. ഇവയ്ക്കു രണ്ടിനും വലുതായ ഇടിവു തട്ടിയിട്ടുണ്ട്. പ്രകൃതിയുടെ കഠിനമായ കോപത്തിനു കൃഷിക്കാർ ഇപ്പോൾ പാത്രവാന്മാരായി തീർന്നിരിക്കയാണു. കഴിഞ്ഞ രണ്ടു പൂവിലെ കൃഷിയിൽനിന്നും യാതൊരു വിളവും കൃഷിക്കാർക്കു കിട്ടിയിട്ടില്ലെന്നുമാത്രമല്ല അടുത്ത കൃഷിക്കുള്ള വിത്തു പോലും കിട്ടാത്ത വിധത്തിൽ അത്യന്തഭയങ്കരമായ നിലയിൽ ഇത്തവണത്തെ കൃഷി മുഴുവനും നശിച്ചുപോയിരിക്കുന്നു. കൃഷിക്കാരുടെ കയ്യിൽ പണമില്ല; വാങ്ങിക്കണമെങ്കിൽ വിത്തുമില്ല. ഈ സന്ദർഭത്തിൽ കൃഷിക്കാർക്കു ശരിയായ സഹായം ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കാത്തപക്ഷം കൃഷിക്കാർക്കു തീർച്ചയായും നാടുവിട്ടു പോകാതെ മറ്റൊരു ഗത്യന്തരവുമില്ല. നാളികേരത്തിന്റെ കഥയും ഇങ്ങനെ തന്നെ. ഒന്നാമതു് അതിനു വിലയില്ല; കിട്ടുന്ന വിലയ്ക്കു വിൽക്കാമെന്നു വിചാരിച്ചാൽ തെങ്ങിൽ കായുമില്ല; കുറേക്കാലത്തെയ്ക്കു തെങ്ങിന്റെ മണ്ടയിൽനിന്നും വല്ലതും കിട്ടുമെന്നു് ആശിക്കാൻപോലും വഴി കാണുന്നില്ല. ഇതാണു് ഇപ്പോഴത്തെ സ്ഥിതി. ഈ പതനത്തിൽ ഗവണ്മെൻറു് എന്തു സഹായമാണു ചെയ്തുകൊടുക്കാൻപോകുന്നതെന്നറിയേണ്ടിയിരിക്കുന്നു. ഗവണ്മെൻറു് സങ്കടമനുഭവിക്കുന്ന കൃഷിക്കാരുടെ കരം ഈടാക്കാൻ വേണ്ട നടപടി നടത്താൻ ഇപ്പോൾ തുടങ്ങിയിട്ടുണ്ടു്.

ഫ ഫ 0 ർ-ൽ ആണല്ലോ സാമ്പത്തികാധഃപതനം തുടങ്ങിയതു്. ആ കൊല്ലത്തിൽ ൫,0 0 0 -ൽ ചിലപ്പോൾ കേസുകളിൽ വസ്തുക്കൾ കരക്കുടിശികയ്ക്കായി ലേലത്തിൽ പോയിട്ടുണ്ടു്. എന്നാൽ ഫ ഫ 0 ൻ-ൽ ഇങ്ങനെ പോയതു് ൫ 0,0 0 0 -ൽ ചിലപ്പോൾ കേസുകളിൽ ഉൾപ്പെട്ട വസ്തുക്കളാണു്. സാമ്പത്തികാധഃപതനംനിമിത്തമുള്ള ദുരിതം അനുഭ

LIBRARY ARCHIVES Kerala Legislative Assembly

വിക്കുന്ന കൃഷിക്കാക്ക് എന്തു സഹായമാണ് ഗവണ്മെൻറ് ചെയ്തു കൊടുത്തിട്ടുള്ളതെന്ന് ഇതുകൊണ്ടു നിർണ്ണയിക്കാവുന്നതാണ്. ഗവണ്മെൻറ് കരപ്പക്കഷണം എറിഞ്ഞുകൊടുത്തു് അതെടുക്കാനായി കൃഷിക്കാർ പോകുമ്പോൾ അവരുടെ കഴുത്തിൽ കത്തിവയ്ക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ കണ്ടുവരുന്നതു്. ഇതു വളരെ കഷ്ടമാണ്. ജനങ്ങളുടെ സങ്കടങ്ങൾ പറയുമ്പോൾ ഗവണ്മെൻറുമെമ്പർമാർ അനുഭാവം കാണിക്കാറുണ്ടെങ്കിലും, പ്രവൃത്തിയിൽ വിപരീതമായിട്ടാണ് കാണുന്നതു്. ഈ സംഗതിയിൽ ഗവണ്മെൻറുദ്യോഗത്തുനിന്നും പറയാവുന്ന സമാധാനം ഭൂരിപക്ഷം ജനങ്ങളും ചെറിയ തുക കരം കൊടുക്കുന്നവരാണെന്നും, സക്കാരിൽനിന്നും എന്തെങ്കിലും കരം ഇളവുചെയ്തുകൊടുത്താൽ അതുകൊണ്ടു ഭൂരിപക്ഷം ജനങ്ങൾക്കും ഒരു വലിയ സഹായമായിത്തീരുകയില്ലെന്നും, നേരേമറിച്ചു് അതു ഗവണ്മെൻറിന് ഒരു വലിയ നഷ്ടമായിത്തീരുമെന്നും മറുമായിരിക്കും. പട്ടിണി കിടന്നു ചാകാൻ പോകുന്ന ഒരാൾക്ക് ഒരു ചക്രം കൊടുത്താൽ അതൊരു വലിയകാര്യമായിരിക്കും; അതുപോലെ ചെറിയ തുക കരം കൊടുക്കുന്നവരായിരുന്നാലും അവർ കൊടുക്കേണ്ട തുകയിൽ ഒരു രൂപായൊ, അരരൂപായൊ, ഒന്നുമില്ലെങ്കിൽ എട്ടുകാശുമാത്രമോ ഇളവുചെയ്തു കൊടുക്കുന്നപക്ഷം അതു് അവർക്ക് ഒരു വലിയ സഹായമാണ്. ൪൫-ശതമാനം നികുതിദായകന്മാർ ഒരു രൂപായ്ക്കു താഴെയും ൫൭-ശതമാനം ൪-രൂപായ്ക്കു താഴെയും കരം കൊടുക്കുന്നവരാണെന്നും കരം കുറച്ചുകൊടുത്താൽ ഇവർക്കു യാതൊരു ഗുണവുമില്ലെന്നു മാത്രമല്ല, ഗവണ്മെൻറിന് ഏ വ-ലക്ഷം രൂപ നഷ്ടംവരുമെന്നും ഒരഭിപ്രായമുണ്ടു്. എന്നാൽ യഥാർത്ഥത്തിൽ ൪൦-ശതമാനം കരം കുറച്ചു കൊടുക്കുന്നതു് കൃഷിക്കാർക്കു വലിയ സഹായമായിതീരുന്നതാണ്. ഈ സംഗതിയിൽ ഗവണ്മെൻറ് ദയാപൂർവ്വം ചിന്തിച്ചു്, എൻറെ പ്രമേയത്തിനനുസരണമായ ഒരു തീരുമാനം ഉണ്ടാക്കുന്നതിനു സന്മനസ്സുണ്ടാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഇങ്ങനെ കരം ഇളവുചെയ്തു കൊടുക്കുന്നതിൽ ഗവണ്മെൻറിനുണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥൻമാരുടെ സൻമനസ്സുകൊണ്ടു പരിഹരിക്കാവുന്നതാണ്. അതായതു് അവരുടെ ശമ്പളത്തിൽ എന്തെങ്കിലും കുറവു ചെയ്യുന്നതിന് അവർ സ്വമനസ്സാലെ അനുവദിക്കണം. അനാവശ്യമായ ഉദ്യോഗസൃഷ്ടി വേണ്ടെന്നു വയ്ക്കണം. ഇതുരണ്ടും ചെയ്താൽ നമ്മുടെ ഗവണ്മെൻറിന് വളരെ ലാഭം ഉണ്ടാകുന്നതാണ്.

കൃഷിക്കാർക്കു യാതൊരാശ്വാസവും കിട്ടാതിരിക്കുന്ന ഈ സന്ദർഭത്തിൽ അവരിൽനിന്നും കരം ഈടാക്കുന്നതു് എങ്ങനെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

5,000-രൂപായിൽ കുറഞ്ഞ ആദായം ഉള്ളവരിൽനിന്നും ആദായ നികുതി ഈടാക്കിവരുന്നില്ല. ആ സ്ഥിതിക്കു ഒരു കാശുപോലും ആദായം ഇല്ലാത്ത കൃഷിക്കാരിൽനിന്നും യാതൊരു നികുതിയും ഗവണ്മെൻറു വാങ്ങിക്കാൻ പാടില്ല എന്നാണു എന്റെ അഭിപ്രായം. അങ്ങനെയാണ് ഗവണ്മെൻറ് ചെയ്യേണ്ടതും. എന്നാൽ ഞങ്ങൾ അതൊന്നും ആവശ്യപ്പെട്ടന്നില്ല. ന്യായമായിട്ടു കരം മുഴവനും ഇളവുചെയ്തുകൊടുക്കേണ്ടതാണെങ്കിലും ഞങ്ങൾ അപേക്ഷിക്കുന്നതു പകുതി കുറച്ചു കൊടുത്താൽമതിയെന്നാണ്. ഇതിനും ഗവണ്മെൻറിനു സൻമനസ്സുണ്ടായില്ലെങ്കിൽ അതു കഷ്ടംതന്നെയാണു.

വാട്ടർസെസ്സിനെ സംബന്ധിച്ചിടത്തോളവും രണ്ടു വാക്കു പറയുവാനുണ്ട്. വാട്ടർസെസ്സ് എത്രത്തോളം ഒഴിവ്കഴിവായിത്തീർന്നിട്ടുണ്ടെന്നു എല്ലാപേക്ഷം അറിയാവുന്നതാണ്. അതും പകുതി കുറവുചെയ്യണം. വാട്ടർസെസ്സിനെപ്പറ്റി എന്റെ മാന്യസ്നേഹിതൻ മി. വി. എസ്സ്. അരുമുഖംപിള്ള പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഗവണ്മെൻറും മറ്റു മാന്യമെമ്പർമാരും ഈ പ്രമേയത്തെ അനുകൂലിച്ചു പാസാക്കി കൃഷിക്കാരോടു അനുകമ്പ പ്രദർശിപ്പിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഇതിനെ ഈ സഭയുടെ പര്യാലോചനക്കായി സമർപ്പിച്ചുകൊള്ളുന്നു.

Mr. M. N. Narayana Menon: സർ, മി. എൻ. കെ. പത്മനാഭപിള്ള ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. തിരുവിതാംകൂറിലെ കർഷകരെപ്പോലെ ഇത്രയധികം കഷ്ടപ്പെടുന്ന ജനങ്ങൾ മറെറാരു രാജ്യത്തും കാണുകയില്ലെന്നാണ് എന്റെ വിശ്വാസം. നാഞ്ചിനാടും കുട്ടനാടുമാണല്ലോ തിരുവിതാംകൂറിലെ പ്രധാന നെൽകൃഷിസ്ഥലങ്ങൾ. കുട്ടനാട്ടിൽ ഒരു തരം പുഴുവിൻറെ ഉപദ്രവം കൊണ്ടും നാഞ്ചിനാട്ടിൽ കരിവുകൊണ്ടും നെൽകൃഷി മുഴവനും നശിച്ചു പോയിരിക്കുന്നു. പിന്നെയുള്ള പ്രധാന ആദായമാർഗ്ഗം നാളികേരമാണ്. സുലഭമായ ഒരുവിലക്കുറ്റതൽ നാളികേരത്തിനുണ്ടായിരുന്നുവെങ്കിലും വീണ്ടും അതു കുറഞ്ഞുപോയിരിക്കുന്നു. നാളികേരത്തിനു വില വർദ്ധിപ്പിക്കാൻ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടെന്നുള്ളതു കൃതജ്ഞതാപൂർവം ഞാൻ അനുസ്മരിച്ചുകൊള്ളുന്നു. എങ്കിലും മൻപു കിട്ടിക്കൊണ്ടിരുന്ന വിലയെങ്കിലും കിട്ടത്തക്കവിധം എത്രയുംവേഗം ഗവണ്മെൻറിൻറെ ശ്രമം തുടർന്നുകൊണ്ടുതന്നെയിരിക്കണം. തെങ്ങുകൃഷിക്കാരുടെ വളരെ വിഷമിക്കുന്ന ഒരു കൂട്ടമാണിതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി കരകൃഷിയെനോക്കാം. ഏറെറുമാന്തർ മുതലായസ്ഥലങ്ങളിലെ ഇഞ്ചികൃഷി ഇക്കൊല്ലത്തിൽ പണ്ടില്ലാത്തവിധം കരിവു വന്നപോയതിനാൽ അവിടെയുള്ളവരും വളരെ കഷ്ടതഅനുഭവിച്ചു വരുന്നു. ഇങ്ങനെ ആകപ്പാടെ നമ്മുടെ രാജ്യത്തു കൃഷികൊണ്ടുപജീവനം കഴിക്കുന്നവരുടെ സ്ഥിതിവളരെ പരിതാപകരമായിട്ടാണിരിക്കുന്നതു്. ഈ അവസരത്തിൽ നമ്മുടെ കണ്ണു് മറെറ രാജ്യങ്ങളിലേക്കു ഒന്നു ഒടിച്ചുനോക്കുന്നപക്ഷം കൃഷിക്കാരുടെ സ്ഥിതിയെ അഭിവൃദ്ധിപ്പെടുത്താൻ മറെറ നാട്ടുരാജ്യഗവണ്മെൻറും, പ്രോവിൻഷ്യൽ ഗവണ്മെൻറും എന്നുവേണ്ട സാമ്രാജ്യഗവണ്മെൻറും വളരെ ശ്രമങ്ങൾ ചെയ്തിട്ടുള്ളതായികാണാം. കർഷകൻ എന്നുള്ളതിൻെറ പര്യായം "കടക്കാരൻ" എന്നാണു്. ആ കർഷകരുടെ കടത്തിനു ഒരു മോചനമുണ്ടാക്കാൻ എല്ലാ ഗവണ്മെൻറുകളും തുടർച്ചയായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഗവണ്മെൻറു എന്താണു ചെയ്യുന്നതു്? ഫലത്തിൽ ഒന്നും കാണുന്നില്ല. കർഷകരുടെ കടബാധ്യതയെ പരിഹരിക്കാൻ മേനഗർ ഗവണ്മെൻറു ചെയ്തിട്ടുള്ള ശ്രമംസ്തുത്യർഹമായിരിക്കുന്നു. ഇക്കഴിഞ്ഞയാഴ്ചയിൽ അവിടത്തെ റവന്യൂകമ്മീഷണരിൽനിന്നും എനിക്കു കിട്ടിയ ഒരു ലട്ടറിൽ, അവിടത്തെ "കടമോചനപദ്ധതി" ഇന്നുവരെയും പരിപൂർണ്ണവിജയത്തിൽതന്നെയെന്നു എനിക്കു മനസിലായി. ഈ വിഷയത്തിലും നമ്മുടെ ഗവണ്മെൻറിൻെറ ഗാഢമായ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു. ഭൂമിയിൽനിന്നും ആദായമെടുത്തു് ഉപജീവനംചെയ്യുവരുന്ന കൃഷിക്കാർക്കു് ഒരുപകൃതികരം ഇളവുചെയ്തുകൊടുക്കണമെന്നുള്ള ഈ മിതമായ അഭ്യർത്ഥനയെ ഞാൻഹൃദയപൂർവം പിൻതാങ്ങിക്കൊള്ളുന്നു.

Mr. Kochikal P. Balakrishnan Tampi: Sir, I wholeheartedly support the motion so ably moved by my friend Mr. Padmanabha Pillai. I am not unaware that the Goveanment is quite aware of the hardships the people are suffering. The address delivered by the Dewan in the Joint Session is ample evidence of the fact that the Government is quite aware of the situation. The analysis of the situation is correct. The diagnosis cannot be said to be wrong. But the only point in which the non-officials differ from the Government is in regard to the remedies suggested. We are glad to note that Government have done something for the amelioration of the people. We are thankful to Government for that. But the non-official point is that the Government have not gone as far as we wish them to go. It is one thing to make pompous speeches and give sentimental promises regarding the earnestness and anxiety of the Government and it is another thing to properly meet the situation,

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kochikal P. Balakrishnan Tampi.]

Sir, in this connection I am reminded of the story of a few American millionaires who met in Chicago. The story goes to say that they ate and drank unto the wee little hours of the morning. Conscience smote one of them. He got up and made a sentimental speech. He talked of the duties of the rich by the poor; how the poor are picking up the crumbs that fall from the tables of the rich and in fact he made an impressive speech and at last he made a striking demonstration of the sympathy which the rich owe to the poor in this way before they dispersed—he proposed three lusty cheers to the poor of Chicago, which, in fairness I must add, was loudly responded to by the rest of the company.

I am reminded of that story when the Government, time after time, make touching references to the poverty of the poor, the scarcity of water and the fall in the price of food commodities. But all the same I am afraid they are having their tongue in their cheek when they say they are taking adequate remedies to meet the situation.

Mr. M. N. Narayana Menon referred to the hardship of the Kuttanad ryots and the Nanjinad ryots and I am here, Sir, faithfully representing my constituency, I must repeat my master's voice, a master's voice of my constituency. It is this, that in my place, Mavelikara, Kartikapalli and Kunnattur, they have got the disadvantages of both Kuttanad and Nanjinad. We have got scarcity of water as well as the pest. Therefore with all the earnestness that I can command and with all the strength at my command I implore the Government that they should give effect.....

Mr. V. S. Arumukham Pillai: May I know from the member whether he is subjected to the same taxation as the Nanjinad ryots?

Mr. Kochikal P. Balakrishnan Tampi: Honestly confessing I have not made a comparative study of the statistics.

Mr. V. S. Arumukham Pillai: May I know from the member whether he is aware that the Nanjinad ryots pay the highest tax in the whole State?

Mr. Kochikal P. Balakrishnan Tampi: No pains, no gains. They get the largest yield in the State.

Mr. V. S. Arumukham Pillai: May I know from the member whether he is aware what the yield per acre is?

Mr. Kochikal Balakrishnan Tampi: I confessed at the very beginning that I have not got ready statistics.

LIBRARY ARCHIVES Kerala Legislative Assembly

Therefore with all the strength that I can command I support the resolution, the very modest resolution moved by my friend Mr. Padmanabha Pillai.

Mr. J. John Kattakayam സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. നാഞ്ചിനാട്ടിലെ കർഷകലോകത്തിനു പറഞ്ഞിരിക്കുന്ന ദുരവസ്ഥയെ വിശദീകരിക്കുന്നതിനു ഒരടിയന്തരപ്രമേയം എന്റെ സ്നേഹിതൻ മി. വി. എസ്സ്. അരുമുഖം പിള്ള നേരത്തെ ഹാജരാക്കുകയും അതിനെ ഒരു മഹാ അനുഭാവസ്ഥ ഭൂരിപക്ഷത്തോടുകൂടി തള്ളുകയും ചെയ്തു. ഇതു കണ്ടു് ഞാൻ ഇതികർത്തവ്യതാ മൂഢനായി ചിത്രത്തിലെ പാവ എന്നതുപോലെ ഇരുന്നുപോയി. രാജ്യത്തെ ഏതുതരം കൃഷിക്കാർക്കും വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ വാസ്തവത്തിൽ അനുകമ്പയുള്ള ഒരുവനാണു് ഞാൻ. നമ്മുടെ സഹോദരങ്ങൾ നമ്മെക്കാൾ കൂടുതൽ കഷ്ടത അനുഭവിക്കുമ്പോൾ അവരോടു കൂടുതൽ സഹതാപം കാണിക്കേണ്ടതു നമ്മുടെ കടമയല്ലേ.

കർഷകലോകത്തിന്റെ സ്ഥിതിയെപ്പറ്റി നമുക്കു ഒന്നു നോക്കാം. അതിയായുള്ള ക്ഷാമം നിമിത്തം കൃഷിക്കാർ വിഷമിച്ചുകൊണ്ടിരിക്കുന്നു. അവന്റെ കണ്ണു കുഴിഞ്ഞു, കവിൾ ഒട്ടി, പട്ടുവലാന സമം തൊലി ഞൊറിഞ്ഞു അസ്ഥിക്ഷണമായി കഷ്ടമായ വിധത്തിൽ ജീവരക്തം പോലും ഇല്ലാതെ കഴിഞ്ഞു കൂടുന്നു. ജീവരക്തം മുഴുവനും ഗവണ്മെന്റു വിവിധവിധത്തിൽ നേരത്തെ ഊറ്റി എടുത്തു കഴിഞ്ഞിരിക്കുന്നു. ഇനി എല്ലിൽ പറ്റിയിരിക്കുന്ന തൊലി മാത്രമേ ശേഷിച്ചിട്ടുള്ളു. അതും ഗവണ്മെന്റു മൂർച്ചയുള്ള കത്തികൊണ്ടു ഇതാ അറുത്തുതുടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ കർഷകലോകത്തെ മുട്ടിക്കുന്നതു് എവിടെ ചെന്നവസാനിക്കുമെന്നു ഞാൻ നമ്മുടെ ഗവണ്മെന്റിനോടു ചോദിച്ചുകൊള്ളട്ടേ. ഏതൊരു രാജ്യത്തെയും ശ്രേയസ്സു് അവിടത്തെ കർഷകലോകത്തെ അവലംബിച്ചിട്ടാണിരിക്കുന്നതു്. കർഷകലോകത്തിന്റെ അധഃപതനം ഗവണ്മെന്റിന്റെ അധഃപതനമാണു്. ആസ്ഥിതിക്കു് നമ്മുടെ ഗവണ്മെന്റു കർഷകരുടെ മേൽ യാതൊരനുകമ്പയും കൂടാതെ ഏതവൽപ്പന്തം പ്രവർത്തിച്ചുവരുന്നു എന്നുള്ള സംഗതി ഇലോം മർമ്മഭേദകമായിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു നമ്മുടെ കണ്ണുകളെ ഒന്നു ഓടിക്കുന്നപക്ഷം എന്തെല്ലാം ആനുകൂല്യങ്ങളാണു് ഈ സാമ്പത്തികാധഃപതനകാലത്തു ഓരോ ഗവണ്മെണ്ടും കൃഷിക്കാർക്കും മറ്റും ചെയ്തുകൊടുത്തിട്ടുള്ളതെന്നു നമുക്കു കാണുവാൻ ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

ഴിയും. കർഷകരുടെ ദുരിതാനിവാരണത്തിനായി ഇവിടെ ഒരു കമ്മിറ്റി ഏർപ്പെടുത്തിയിരിക്കുന്നു. ഇതു തന്നെയും ഇക്കഴിഞ്ഞ ദിവസത്തിലെ സംഭവമാണല്ലോ. കമ്മിറ്റി റിപ്പോർട്ട് "സ-രി-ഗ-മ-പ" എന്നു തുടങ്ങിയിട്ടേയുള്ളൂ. റിപ്പോർട്ട് പുറത്തുവന്നു തദനുസരണം പ്രവൃത്തിച്ചു വരുമ്പോഴേക്കും കൃഷിക്കാർ മുഴുവനും നശിച്ചുകഴിയും. ഒരു പിതാവു തന്റെ മക്കൾക്കു സഹായം ചെയ്യുന്നതു് അവരുടെ ആപൽഘട്ടത്തിലാകുന്നു. മക്കളുടെ നല്ല കാലത്തു പിതാവിന്റെ സഹായം കൂടിയെതീരൂ എന്നില്ലല്ലോ. ഗവണ്മെൻറിനെ നമ്മുടെ പിതാവായി സങ്കല്പിച്ചു നോക്കാം. വാസ്തവത്തിൽ ഈ രാജ്യത്തെ ൧൦ ലക്ഷത്തിൽപരം ജനങ്ങളുടേയും പിതാവു ഗവണ്മെൻറാകുന്നു. അങ്ങനെയുള്ള ഒരു പിതാവു മക്കളുടെ ആപൽഘട്ടത്തിൽ സഹായിക്കേണ്ടതല്ലേ? ക്ഷാമം വരുന്നതിനു മുമ്പു കരം കുറവുചെയ്യണമെന്നു ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഒരിക്കലും ഉണ്ടായിട്ടില്ല. ഇന്നു കരം കുറവുചെയ്യണമെന്നു പറയുന്നതു സാമ്പത്തികാധഃപതനം കൊണ്ടു ഒരു വിധത്തിലും നിൽക്കപ്പൊറുതിയില്ലാത്തതിനാലാണു്. ഈ സന്ദർഭത്തിലും ഗവണ്മെൻറിന്റെ കാതു തുറക്കുന്നില്ല, കണ്ണു കാണുന്നില്ല. ജനങ്ങളാകട്ടെ കിടന്നു നട്ടം തിരിയുന്നു. കൃഷിക്കാരുടെ കഷ്ടതകളെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ കൂടി ഗവണ്മെൻറു ഇനിയും പ്രവർത്തിച്ചില്ലെങ്കിൽ ഇവിടെ എന്താണുണ്ടാകാൻപോകുന്നതെന്നു കണ്ടുതന്നെ അറിയേണ്ടതാണു്. ക്രുനിന്മേൽ കുരു എന്നു പറഞ്ഞതുപോലെ അനാവൃഷ്ടിയും ഇതോടുകൂടി സംഭവിച്ചു. ഇതു വിപ്ലവജനകവും പരിഭ്രമജനകവുമായ ഒരു അവസ്ഥ ഇതിനു മുമ്പു ഉണ്ടായിട്ടുണ്ടോ? ഒരിക്കലുമില്ല.

ചേരിക്കൽ കൃഷിയെ സംബന്ധിച്ചിടത്തോളം ഇവിടെ ആരും പറഞ്ഞുകേട്ടില്ല. ഞാൻ ചേരിക്കൽകൃഷി ധാരാളം ഉള്ള സ്ഥലത്തുനിന്നും വരുന്നവനാണു്. ഭീമമായ തറവിലയും തടിവിലയും കൊടുത്തു വാങ്ങിയ പ്രസ്തുതഭൂമികൾ പന്ത്രണ്ടുകൊല്ലത്തിൽ ഒരിക്കൽമാത്രം കാട്ടവെട്ടി കൃഷിചെയ്യുന്നു. ഏക്കറിനു പത്തുപറനെല്ലുകുന്ന അവിടത്തെ വാരം. ഏക്കർ ഒന്നിന് കുറഞ്ഞപക്ഷം ഒരു രൂപയെങ്കിലും നികുതി കൊടുക്കണം. ഇങ്ങനേയായാൽതന്നെയും പന്ത്രണ്ടുരൂപാ ഭൂനികുതിയും മുടക്കിയിട്ടുള്ള പണത്തിനു പലിശയും കണക്കാക്കണം. ശേഷം എന്തു ലാഭം കിട്ടും? ആദായത്തിന്റെ ഒരംശമല്ലെ ഗവണ്മെൻറിനു നികുതിയായി കൊടുക്കേണ്ടതു്? ആലോചിച്ചുനോക്കുക. എന്തുഭയങ്കരം! ആദായ

LIBRARY ARCHIVES Kerala Legislative Assembly

നികുതിപോലും ൨,൦൦൦ രൂപായിൽ കുറഞ്ഞു ആദായം ഉള്ളവരിൽ നിന്നു ഗവണ്മെൻറു ഈടാക്കുന്നില്ല. കൃഷിക്കാരെ മാത്രമേ നികുതിക്കു വേണ്ടി ഇങ്ങനെ മർദ്ദിക്കുന്നുള്ളൂ. അനാവൃഷ്ടികൊണ്ടും, ചാഴിയുടെ ഉപദ്രവംകൊണ്ടും നെൽകൃഷി സംസ്ഥാനം മുഴുവൻ നശിച്ചു. ഇതാണ് നിലംകൃഷിക്കാരുടെ സ്ഥിതി. ഇനി പുരയിടകൃഷിയെ സംബന്ധിച്ചു നമുക്കു നോക്കാം. ആദായംപോയിട്ടു ഇപ്പോൾ പുരയിടങ്ങൾ സംരക്ഷിക്കുന്നതിനുപോലും നിവൃത്തിയില്ലാത്ത പതനത്തിൽ എത്തിയിരിക്കുന്നു. തെങ്ങിൽ അടുത്തകൊല്ലം കായുണ്ടാകുമോ എന്നുകൂടി സംശയമാണ്. സൂര്യഭഗവാന്റെ അതികഠിനമായ ഉഷ്ണമാവേറ് മുളകുകൊടി മുഴുവൻ നാമാവശേഷമായിത്തീർന്നിരിക്കുന്നു. ഇഞ്ചികൃഷിക്കു പ്രാധാന്യമുള്ളതു് ഏറുമാനൂർ മുതലായ ചില ഉത്തരതിരുവിതാംകൂറിലെ സ്ഥലങ്ങളാകുന്നു. ഇഞ്ചികൃഷിക്കു ഇക്കൊല്ലം പറ്റിയിട്ടുള്ള ദോഷത്തെ സംബന്ധിച്ചും മറ്റും ആലോചിക്കുവാൻ അവിടെ ഒരു പബ്ലിക് മീറ്റിങ്ങ് കൂടുകയും ആ യോഗത്തിൽ എന്റെ സ്നേഹിതൻ മി. എം. എൻ. നാരായണമേനവൻ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. എനിക്കു നിർഭാഗ്യവശാൽ ആ യോഗത്തിൽ സംബന്ധിക്കുവാൻ സാധിച്ചില്ല. അടുത്തകൊല്ലത്തെ കൃഷിക്കുള്ള വിത്തുപോലും ഇല്ലെന്നു ഈ പ്രമേയാവതാരകൻ പറഞ്ഞതുപോലെ ഇഞ്ചികൃഷിയുടെ സ്ഥിതി അതുപോലെതന്നെ അക്ഷരംപ്രതി സത്യംതന്നെ. ഇഞ്ചി നട്ടില്ലെങ്കിൽ ഒരു ചുക്കുമില്ല. (ചിരി) കുറച്ചുകാലമായി ഇവിടെനിന്നും ഏറുമതിചെയ്യുന്ന ചുക്കു കുറഞ്ഞുകുറഞ്ഞു ഇപ്പോൾ ഒരു ചുക്കുമില്ലാതായി. (ചിരി) കരത്തിനുവേണ്ടി വസ്തുക്കൾ ധാരാളം ലേലംചെയ്യുവരുന്നു. ദുരാഗ്രഹികളും ധനികന്മാരുമായ ഏതാനും ചില വ്യക്തികളെ അനായാസേന ഭൂമി കൈവശമാക്കാൻ ഇതു വളരെ സഹായിക്കുന്നു. തുണ്ടുതുണ്ടായും വിപുലമായും ഉള്ള ഭൂമികളെ ഗവണ്മെൻറിൽ നിന്നുപോലും ഒരു ചക്രത്തിനു് ലേലത്തിൽ പിടിക്കുന്നുണ്ടു്. ഇതിൽപരം ഒരധർമ്മം ഉണ്ടോ? ഗവണ്മെൻറു എന്താനുകൂല്യമാണു കഷ്ടകാലോക്തിനു് ചെയ്തുകൊടുത്തിട്ടുള്ളതു്? എന്റെ സമീപവാസിയും, സ്നേഹിതനും, ധനാഢ്യനും, നല്ല പ്ലാൻററും ആയ പൊട്ടക്കുളം കൊച്ചുയിപ്പ് നിസ്സാരമായ തുക കൊടുത്തു ഗവണ്മെൻറിൽ നിന്നും വളരെ വിലപിടിപ്പുള്ള ഒരു വലിയ പ്രദേശം വളരെ നേരത്തെ ന്യായരഹിതമായി കൈവശമാക്കിയിരുന്നു. പ്രസ്തുത വസ്തുക്കളിന്മേലുള്ള കുടിശിഖ ഫണ്ടു ൫൦൦ രൂപ മിസ്റ്റർ ആസ്റ്റിൻ പോകാൻ കാലത്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

മിസ്റ്റർ ആസ്റ്റിന്റെ ഗവണ്മെന്റു ഇളവുചെയ്തുകൊടുത്തു. ഇതിനെപ്പറ്റി കൌൺസിലിൽ മെമ്പർമാർ ആരെങ്കിലും പറയുമെന്നു ഞാൻ വിചാരിച്ചിരുന്നു.

Mr. A. N. Visvanatha Pillai: മെമ്പർ എന്തുകൊണ്ടാണ് അതു പറയാത്തത്?

Mr. J. John Kattakayam : ഞാൻ ഒരു ക്രിസ്ത്യാനി ആയതുകൊണ്ടു പറഞ്ഞാൽ അവരിൽ പലർക്കും എന്നോടു വിഷമം തോന്നാനിടയുള്ളതിനാലും മറ്റും ഈ സംഗതി ഏതവൽപര്യന്തം പ്രകടമായി പ്രകാശിപ്പിച്ചില്ലെന്നേയുള്ളൂ.

Mr. Komilezhathu Sankaran: അതു് സമുദായപക്ഷപാതമല്ലേ?

Mr. J. John Kattakayam : മെംബർ ഏതുതരത്തിൽ വ്യാഖ്യാനിച്ചാലും എനിക്കു വിരോധമില്ല. ആരെങ്കിലും ഇതിനെപ്പറ്റി പറയുമെന്നു ഞാൻ വിചാരിച്ചു. ആരും പറയാത്തതുകൊണ്ടു് ഞാൻതന്നെ ഇപ്പോൾ പറഞ്ഞു എന്നേയുള്ളൂ.

ഇങ്ങനെ പൊട്ടക്കുളത്തിനു് ഈ ഫസ്, ൦ ൦ ൦ രൂപാ ഇളവുചെയ്തുകൊടുത്തപ്പോൾ അതിലേക്കു ശുപാർശചെയ്ത ആളുകൾക്കുകൂടി ഒരു നല്ലതുക വല്ലതും കിട്ടിയിട്ടില്ലയോ എന്നുകൂടി സംശയിക്കുവാൻ ധാരാളം ന്യായങ്ങൾ ഇല്ലാതില്ല. ഇങ്ങനെയുള്ള ആളുകൾക്കാണോ ആനുകൂല്യം കാണിക്കേണ്ടതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു? ആരാന്റെ പന്തലിൽ വന്നാൽ എന്റെ വിളമ്പുകാണാം എന്ന നിലയിൽ അധികൃതന്മാർ പ്രവർത്തിച്ചു എന്നുമാത്രമെ ഞാൻ ഇതിനെ വ്യാഖ്യാനിക്കുന്നുള്ളൂ. പ്രമേയാവതാരകൻ ഒന്നുപകുതി കരം ഇളവുചെയ്യണമെന്നാണ് ആവശ്യപ്പെടുന്നതു്. അസംബ്ലിയിലാകട്ടെ കരംമുഴുവനും ഇളവുചെയ്യണമെന്നു പാസാക്കി. അതുപോലെ ഈ സാമ്പത്തികാധഃപതനകാലത്തു് കരം മുഴുവനും ഇളവുചെയ്തുകൊടുക്കണമെന്നുള്ള എന്റെ അഭിപ്രായത്തെ വീണ്ടുംവീണ്ടും പ്രകടിപ്പിച്ചുകൊണ്ടുവിരമിക്കുന്നു.

Mr. V. S. Arumukham Pillai : Sir, I rise to support the resolution so ably moved by my friend, Mr. Padmanabha Pillai. He has elaborately dealt with the real hardships and difficulties which the ryots in general are subjected to at present. Sir, ever since I entered this Council I have been crying hoarse over the woes and miseries of the ryots in general and I have dealt elaborately with the real sufferings of the ryots in Nanjinad. I have also dealt

LIBRARY ARCHIVES Kerala Legislative Assembly

with the indifferent attitude of the Government towards the agricultural population in general and how this indifferent attitude has been gradually creating a sort of discontent and dissatisfaction among the agricultural population. Sir, in spite of the repeated representations, the Government have not yet learnt to treat the agricultural population as the backbone of the country instead of as the mainstay of State revenues. Sir, agriculture is the basic industry and agriculturists form the main bulk of the population. The end and aim of Government ought to be the welfare of its subjects The agricultural population form th majority or the bulk of the population. Their interests and their welfare ought to be cared for by the Government. In all the countries the present move is to make their own country self sufficient so far as food materials are concerned. Even in Europe this movement is spreading fast and there, as we find and as I have already stated, the back to land movement is spreading fast. Now I ask what is it that our Government has done? Whether at any time this idea of making our country self sufficient so far as food materials are concerned has ever entered into the minds of our Government. Has our Government ever entertained any serious and anxious consideration over this aspect of the matter. On the other hand on account of heavy taxation and the cruel treatment meted out to the ryots the class as a whole, the ryot population as a whole, has been gradually going down. Sir, any responsible Government, any Government that is answerable to the popular will ought to come forward at this time of distress and be able to render adequate reliefs. Our Government, Sir, it is a pity, are shutting their eyes to the real sufferings of the people.

In dealing with the lot of the ryots in general I cannot but refer to the lot of the Nanjinad ryots. I may be accused of too much of local patriotism. Sir, I may be permitted to offer a word of explanation. So many of my friends coming from north Travancore often accuse me that I am too much of a local patriot. I offer a word of explanation. Sir, the lot of the Nanjinad ryot is really miserable and is entirely different from the lot of the other agriculturists in other taluks. Sir, in the matter of taxation as I have repeatedly stated before this House, the ryots of Nanjinad are being given a stepmotherly treatment at the hands of Government. Sir, I have stated that the maximum tax in Nanjinad per acre of paddy land is Rs. 35. Such a heavy tax is not obtaining anywhere in the whole of the civilised world. I challenge my learned friends who accused me of too much of local patriotism to come forward and impeach my statements.

Mr. M. Govindan : May I know from the member what is the mininum of taxation.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. S. Arumukham Pillai : The minimum goes down to rupees two or three. Because there are Dhanapramanams also, the minimum is much reduced. I am speaking of the maximum burden of the ryots. If my friend is anxious to hear about the average tax I may say it is about Rs. 20. And to be very accurate I may add it is not below Rs. 17. Sir, from the report of the Economic Depression Enquiry Committee we find that the average rate of tax per acre in Nanjinad is Rs. 17 and the maximum yield per acre is 24 *kottas* of paddy and cultivation expenses come to Rs. 84 per year. But the actual expense is Rs. 37 and the average tax is Rs. 17 and calculated at this rate what is the margin for the cultivator ?

Mr. A. Kumara Pillai : Is it the tax for wet land ?

Mr. V. S. Arumukham Pillai : Yes, I am speaking of wet lands.

Mr. M. Govindan : Is there no margin whatever ?

Mr. V. S. Arumukham Pillai : Sir, if my learned friend who put this question had listened carefully to my speech during the last session of this Council he will be able to correctly understand the real position. I have given there facts and figures in most cases. I have shown that the Nanjinad ryots get no margin of profits. On the other hand in certain cases he gets a deficit.

Mr. M. Govindan : Does he continue cultivation all the same ?

Mr. V. S. Arumukham Pillai : Yes. It has become a habit with him. He has to pay tax and the Government by force will not allow him to abandon agriculture.

Mr. Komilezhathu Sankaran : Is it not a fact that the Nanjinad ryots are specially favoured by Government on account of the Kodayar Project ?

Mr. V. S. Arumukham Pillai : I am coming to that. Sir, I would be failing in my duty if I don't acquaint this House with the real miserable state of affairs that are now existing. While the ryots of Nanjinad have been gronning in distress and indebtedness, the year 1110 commenced with a severe drought ever unheard of in the annals of history. Sir, even at the beginning of Kanni harvest this drought began to do havoc to about 7000 and odd acres of paddy land.

Mr. Komilezhathu Sankaran : May I know the approximate extent that is being cultivated by using water from the irrigation canals ?

LIBRARY ARCHIVES Kerala Legislative Assembly

Mr. V. S. Arumukham Pillai : It is about 60,000 acres of paddy fields. Sir, there was a failure of crops of over 6 to 7 thousands acres of paddy fields in the taluks of Tovala and Agastiswaram. What does it mean ? It means the impoverishment of the ryots to a loss of working capital to the extent of 58,000 rupees. It would be thought that I am exaggerating too much, that I am exaggerating the poverty and misery of the people there. But really that cannot be described to you because of its magnitude. Sir, it is a matter which can only be felt by actual contact with the people there. I ask my friends here to go with me to every village and I boldly assert that I will be able to convince them about the true state of affairs in the Nanjinad area. Sir, I have said that even during the Kanni crop the havoc began and the poor ryots had to lose about Rs. 58,000 by way of cultivation expenses. Even at that time Kodayar gave a warning but the departmental people, I am sorry to say, were indifferent about it and never applied their minds to the real position. Though the ryots could by their accumulated experience anticipate a failure they could not but begin the cultivation because the fallow remission is refused to them. On account of the refusal of the fallow remission they were forced to cultivate the Kumbhom crop with a low flow of water even though they were fully aware of an approaching drought. Now with the low flow of water they began cultivation and on account of the insufficiency of water even during Kanni they could not begin cultivation at the proper time. And wherever it was begun the crops were destroyed at the initial stage. When water was most needed it could not be had and consequently there was a complete failure of crops over about 30,000 acres of land. And in this connection I am thankful to our Chief Secretary and to our learned Chief Engineer for their kind regard towards the people of Nanjinad. At the request of the Chief Secretary, the Chief Engineer visited the places and rendered assistance by at least restricting the flow of water in about 23,060 acres.

Chairman : Your time is up, Mr. Arumukham Pillai.

Mr M. N. Paramesvaran Pillai : Sir, I rise to support the resolution. I do not think any argument is necessary to convince the House how acute and intense are the miseries and sufferings of the people due to the prevailing economic depression. The Census Report of 1931 gives a vivid picture of the depression ; and every subsequent Government publication including the Administration Report of the various Departments and the last Budget speech of the Financial Secretary do reveal how the country is fast succumbing to this depression. More than 80 per cent of the population of the State directly depends on agriculture as its main stay.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Paramesvaran Pillai.]

It is needless to point out that the prosperity of the agriculturist depends upon the yield he gets from his lands and the price he obtains for his produce. But owing to the present economic depression consequent on the heavy fall in the price of agricultural products, aggravated by the disproportionate increase in the cost of production and the depreciation in the yield due to constant failure of monsoons and also on account of the operation of the law of diminishing returns, the whole country is now hard hit and the people are really confronted with a perplexing situation.

The chief agricultural products of the country are paddy and cocoanuts. The prices of these commodities have dropped by 50 or 60 per cent. and there has been an allround shrinkage in the income of the agriculturist. Naturally with this diminished income which falls far below the margin of profit, the agriculturist pays less attention to the improvement of his lands with the dire consequence of a further decline in the yield. As the result of all these he finds himself helpless and unable to pay the tax for the lands he tills and cultivates.

Kuttanad and Nanjinad are the two main paddy producing areas in this State. So far as Kuttanad is concerned, I know personally that the Punja cultivators are running into heavy loss year after year after each cultivation. Those of us who come from north Travancore may realise that Punja cultivation is after all a big gamble in land below 6 feet of water and most of the cultivators who took to such speculative enterprise have been practically ruined beyond redemption. Nobody seems to show any sympathy for these poor ryots. Every year their crops are being attacked by a kind of moth called "*Puzhu*" and the Agricultural Department is incapable of rendering them any help in this matter. Then again, Sir, if we go to Kuttanad we will at once be reminded of the stanzas in Coleridge's 'The Ancient Mariner'—

> "Water, water, everywhere. And all the boards did shrink; Water, water, everywhere, nor any drop to drink."

Although there is water everywhere in Kuttanad the ryots do not get sufficient fresh water either for drink or for cultivation, because before the end of Makaram salt water from the lagoons all round rushes into the various irrigation channels and rivers. An important aspect which deserves to be considered by Government in respect of the Punja lands is that no fallow remission is allowed them even though it is not always possible to cultivate such lands year after year. In the case of income arising out of trade, profession and other callings a person is not called upon to pay any income-tax if his real income falls below the minimum prescribed for assessment. Such a concession is not shown to the cultivators of

LIBRARY ARCHIVES Kerala Legislative Assembly

lands even especially when their lands lie fallow. The conditions of the agriculturists in Nanjinad also tell the same woeful tale. The cultivation of garden lands throughout the State is not very lucrative. The cocoanuts which were once selling at the peak price of Rs. 90 to 98 per thousand now fetch only Rs. 15 to 20. The cocoanut growers also lose heavily and are steadily running into financial ruin.

As the cumulative effect of all these adverse conditions we find that the major portion of the ryot population in Travancore continues to be in a state of what may be called ruinous indebtedness. The total rural indebtedness in the State is estimated at 25 crores of rupees. According to the Census Report as well as the Report of the Banking Enquiry Committee more than 70 percent of these debts are secured on lands. The Government may contend that they are doing their best to relieve the ryots from their present ruinous conditions by helping them with agricultural loans and loans from the Land Mortgage Bank. There are also various co-operative concerns which are apparently helping the cultivators with loans. But, in my view, all these remedies do only aggravate the malady by crushing the poor ryots under the mill-stone of debts. The co-operative concerns go a step further and convert the whole country into a land of perpetual debtors, for what we really find is that to raise a loan a man has, besides victimising himself, to drag in two others also into the transaction.

Within the short time at my disposal, it is not possible for me to bring to the notice of Government, the manifold nature of the miseries and sufferings of the people. But, I feel sure that from what I have just now stated, it is amply clear that the ryots in Travancore need immediate relief of a tangible nature. There is no use in appointing committees and shelving matters indefinitely. The public have really begun to suspect the *bonafides* of Government in appointing these committees; for they find that committees are usually appointed only when Government want to put off things. I think a grave situation has arisen in the country calling for the immediate remission of the entire land tax and for taking such other steps to alleviate the miseries of the people.

Sir, it may be contended from the Treasury Benches that a complete remission of land tax will bring about a fall of about 30 or 36 lakhs of rupees in the land revenue. But, in view of the Financial Secretary's optimistic forecast in the Budget for the year, and his statement that our financial position is unquestionably sound I do not think Government can have any reasonable excuse for not according to this demand of the country. There is yet another point to which I wish to draw the attention of Government. The Railway

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Parameswaran Pillai.]

Sinking Fund, which is the accumulated savings from the taxes paid by the present generation cannot be better utilised than for the alleviation of the present distressing condition of the people. Then again if the several unnecessary appointments in the State service are abolished and appropriate cuts in salaries and pensions are effected, I am sure, there will be a big saving, which will free Government from all financial embarrassments that may likely confront them in accepting a planned scheme for removing rural indebtedness. In my opinion Government need have no fear or anxiety in this matter. Sir, with these words I support the resolution and appeal to this House to give its whole-hearted support to the same.

Mr. A. N. Visvanatha Pillai : സർ, ഇവിടെ പ്രധാനമായി രണ്ടു തരം കൃഷിയാണുള്ളത്. അതിൽ നെൽകൃഷിയെ സംബന്ധിച്ച് എനിക്കു മുൻപു സംസാരിച്ച പല മാന്യസ്നേഹിതന്മാരും സവിസ്തരം പറഞ്ഞു കഴിഞ്ഞു. മി. വി. എസ്. ആറുമുഖംപിള്ള നാഞ്ചിനാട്ടു കൃഷിയെപ്പറ്റിയും മി. നാരായണമേനോൻ കുട്ടനാടൻ കൃഷിയെപ്പറ്റിയും മി. ബാലകൃഷ്ണൻതമ്പി മദ്ധ്യതിരുവിതാംകൂറിലെ ഇരിപ്പു കൃഷിയെപ്പറ്റിയും മി. കുട്ടിക്കയം ചേരിക്കൽ കൃഷിയെപ്പറ്റിയും ഇവിടെപ്രസ്താവിച്ചു കഴിഞ്ഞു. എന്നാൽ നാളികേരത്തെയും അതിന്റെ വിലക്കുറവിനേയുംപറ്റി ആരും സംസാരിച്ചു കാണാത്തതിനാൽ ഞാൻ അതിനെപ്പറ്റി സംസാരിക്കാമെന്നു വിചാരിക്കുന്നു. നാളികേരം തിരുവിതാംകൂറിലെ ഏറ്റവും പ്രധാനമായ ഒരുല്പന്നമാണ്. അധികമാളുകളും തെങ്ങു കൃഷികൊണ്ടു ജീവസന്ധാരണം ചെയ്യുന്നവരാണ്. അതിനാണിപ്പോൾ വലുതായ അധഃപതനം സംഭവിച്ചിരിക്കുന്നതു്. മാർക്കറ്റിംഗ് ആഫീസറന്മാരുടെ നിയമനത്തിനായുള്ള സപ്ലിമെന്ററി ഗ്രാന്റു ഈ സഭ മുമ്പാകെ കഴിഞ്ഞ ദിവസം അവതരിപ്പിക്കപ്പെട്ടപ്പോൾ ഞങ്ങൾ അതിനെ സ്വാഗതം ചെയ്തതു്, മാർക്കറ്റിംഗ് ആഫീസരുടെ നിയമനം കൊണ്ടു് ജനങ്ങൾക്കെന്തെങ്കിലും ഗുണം സിദ്ധിക്കുമെന്നുള്ള വ്യാമോഹംകൊണ്ടാണെന്നു തെറ്റിദ്ധരിക്കരുതു്. പിന്നെയോ? തിരുവിതാംകൂറിലെ ഉല്പന്നങ്ങളെ വിറ്റഴിക്കുന്നതിനു് സഹായമായിത്തീരാവുന്ന കയറ്റുമതിയിൽ സഹകരിക്കുന്നതിനുള്ള സന്ദർഭം ജനപ്രതിനിധികൾക്കു നഷ്ടപ്പെടുത്തിയെന്നുള്ള അപവാദം നീക്കുവാനാണ് ഈ സഭ അതിനനുകൂലിച്ചതു്.

നികുതി 10 ശതമാനം കുറയ്ക്കണമെന്നുള്ള മി. എൻ. കെ. പദ്മനാഭപിള്ളയുടെ പ്രമേയം ഏറ്റവും മിതമായിട്ടുള്ള ഒന്നാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കൊല്ലം നികുതി മുഴുവനും തന്നെ കുറക്കേണ്ടതാണ്. കൃഷിക്കാരാകട്ടെ ഈണബാദ്ധ്യതകൊണ്ടു വളരെ അവശരായിൽ കഴിഞ്ഞു കൂടുന്നു. ഈണ ബാദ്ധ്യതാപരിഹാര പദ്ധതി ഇനിയും ഒരു കമ്മിറ്റിയുടെ ആലോചന യിൽ ഇരിക്കുന്നതേയുള്ളു. മറ്റുള്ള കമ്മിറ്റികളുടെ സ്ഥിതിപോലെ ഈ കമ്മിറ്റിയും വളരെ കാലതാമസപ്പെടുത്തി, അവസാനത്തിൽ അ നാശാസ്യമായ ഒരു റിപ്പോർട്ടു സമർപ്പിക്കുമെന്നേ വിചാരിക്കുവാൻ തരമുള്ളു. അതിനാൽ, ഈണബാദ്ധ്യരായ ജനങ്ങളെ ഏതെങ്കിലും തര ത്തിൽ സഹായിക്കാൻ ഗവണ്മെൻറു ഈ അവസരത്തിൽ സന്നദ്ധമാ യി മുന്നോട്ടു വരേണ്ടതാണ്. സാമ്പത്തികാധഃപതനവിഷമം വളരെ യുണ്ടെന്നു സമ്മതിക്കുന്ന ഗവണ്മെൻറു ജനങ്ങൾക്കു വേണ്ടി എന്താണ് ചെയ്തത്? ഫസ്ലി ശതമാനം കരം കുറച്ചതുകൊണ്ടു വലിയ പ്രയോ ജനമൊന്നുമില്ല. ജനങ്ങൾക്കു സാരമായ വല്ല സഹായവും ചെയ്യേണ്ട തു ഈ സന്ദർഭത്തിലാണെന്നു ഞാൻ ഗവണ്മെൻറിനെ ഒന്നുകൂടി അറി യിച്ചുകൊള്ളട്ടെ. നെൽകൃഷി മുഴുവൻ നശിച്ചുപോയിരിക്കുന്നതിനാ ൽ അടുത്ത കൊല്ലത്തെ കൃഷിക്കാവശ്യമുള്ള വിത്തിനും ക്രയിക്കും ഉള്ള പിലവുകൂടി ഗവണ്മെൻറു കൃഷിക്കാർക്ക് നല്കേണ്ടതു് എന്തുകൊണ്ടും അത്യാ വശ്യമാകുന്നു. അല്ലാതെ, "സാമ്പത്തികാധഃപതനത്തിൻറെകാഠിന്യം ഗവണ്മെൻറിനു ബോദ്ധ്യമുള്ളതാണ്, ഗവണ്മെൻറു കഴിയുന്നതൊക്കെ ചെയ്യാൻ ശ്രമിക്കുന്നു". എന്നെല്ലാം അധരാനുകമ്പ പ്രദർശിപ്പിക്കു ന്നതുകൊണ്ടുമാത്രം ജനങ്ങൾ തൃപ്തിപ്പെടാൻ തയ്യാറില്ല. അതിനാൽ പ്രസംഗിക്കാതെ പ്രവർത്തിയിൽ തന്നെ പ്രവേശിക്കേണ്ട കാലം അത്യാ സന്നമായിരിക്കുന്നു. നാളികേരത്തിൻറെ കയറുമതിത്തീരുവ നിറു ത്തൽ ചെയ്യണമെന്ന ഈ സഭ പ്രമേയം പാസാക്കിയിട്ടും നാമമാത്രമാ യ ഒരു കുറവുമാത്രമേ ഗവണ്മെൻറു് അതിൽ വരുത്തിയിട്ടൊള്ളു. പല സംഗതികളും പറയുവാനുണ്ടു്. എൻറെ മാന്യസ്നേഹിതന്മാർ പറ ഞ്ഞിട്ടുള്ള കാര്യങ്ങളെ ഒന്നുകൂടി ആവർത്തിക്കണമെന്നു ഞാൻ വിചാരി ക്കുന്നില്ല.

കരം കുറവു ചെയ്താൽ ഗവണ്മെൻറിനുണ്ടാകുന്ന നഷ്ടം എങ്ങനെ പരിഹരിക്കപ്പെടുമെന്നൊരു ചോദ്യത്തിനവകാശമുണ്ടു്. അതിനു പ ലമാർഗ്ഗങ്ങളും ഉണ്ടു്. ആദായനികുതിയുടെ ഇപ്പോഴത്തെ രൂപംമാറി ഞാൻ ഇതിനു മുൻപു പലപ്പോഴും നിർദ്ദേശിച്ചിട്ടുള്ളതുപോലെ ൪൦൦ രൂപാക്കുമേൽ ആദായം ഉള്ളവരിൽ നിന്നെല്ലാം ആദായനികുതി ഈ ടാക്കുവുന്നതാണ്. സ്റ്റാൻറർഡൈ സേഷൻ ആഫീസറുടെ റിപ്പോ ർട്ടനുസരിച്ചു നാലു ലക്ഷം രൂപായുടെ ലാഭം ഉണ്ടാകുമെന്നു ഗവണ്മെ

[Mr. A. N. Visvanatha Pillai.]

ന്റെ തന്നെ പറയുന്നു. മി. എം. എൻ. പരമേശ്വരൻപിള്ള മൂണ്ടി ക്കാണിച്ചുപോലെ റയിൽവേ സിങ്കിംഗ്ഫണ്ട് ഇയ്യാവശ്യത്തിനെടു ത്തു വിനിയോഗിക്കാവുന്നതാണ്. അതുനാൽ ഏറ്റവും മിതമായ ഈ പ്രമേയത്തെ സഭീരിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വി രമിച്ചു കൊള്ളുന്നു.

Mr. P. Padmanabhan Tampi: Sir, I beg, strongly, to support the motion. Any lengthy speech in the matter or any arguments on the subject may be out of place. We have been hearing the difficulties of the agriculturists for a long time past and the Government were repeatedly requested to redress their grievances. In the year 1109, we brought the same resolution and by the effect of that, Government made a reduction of 12½ per cent. land tax. Even though that was not a satisfactory reduction, we.....

Mr. V. S. Arumukham Pillai: May I know from the member whether he is aware that even that remission was not given effect to in most places in Nanjinad by the revenue authorities concerned ?

Mr. P. Padmanabhan Tampi: I am speaking of the reduction in 1109. A reduction was made in the year 1109. Even though there was a nominal reduction in that year, in land tax, the agriculturists were never satisfied with that and brought in another resolution. In 1110 also there was a reduction of 12½ per cent. not only for the wet lands, but for garden lands, Sripadom lands and other lands as well. But the necessity has arisen now to request the Government for a further reduction of land tax. We all know about the difficulties of the agriculturists. Even in a latest Press Communique, published by the Government, it was pointed out by the Government that the water in the Kodayar Dam will feed only 23,000 acres of land. I may even say that the figure given there is far byond their estimation and that the water in the Dam will not be sufficient to feed even 23,000 acres of land. Now the difficulties of the agriculturists were again brought to the notice of the Government and a deputation waited on the Dewan and these matters were brought to his notice. As a result of that, a committee was appointed, with a long period of three months to report about the matter. That was only to shirk the business, as Government was aware that the agricultural indebtedness extended to so many lakhs of rupees as was stated in the Economic Depression Enquiry Committee Report. There was absolutely no necessity for the appointment of a committee and this was done only to put off matters. Now, Sir, the prices of agricultural produce has gone

LIBRARY ARCHIVES Kerala Legislative Assembly

far low and there is no possibility of getting the produce even and the agriculturist's lot is very hard indeed. So, in very strong terms, I support the resolution.

Mr. Tariatu Kunjitomman: സർ, കാർഷിക കഷ്ടതകൾ നിവാരണംചെയ്യാൻ നിർദ്ദിഷ്ടമായ ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ പ്രമേയാവതാരകൻ ഉദ്ദേശിക്കുന്നതുപോലെ കാർഷിക കഷ്ടത എത്രമാത്രം ഇതുകൊണ്ടു പരിഹരിക്കപ്പെടാമെന്നും മറ്റുവിധത്തിലുള്ള നിവാരണമാർഗ്ഗങ്ങൾക്ക് ഇതുനിമിത്തം തടസ്സം നേരിടുമോ എന്നും ഈ അവസരത്തിൽ ഗാഢമായിചിന്തിച്ചിട്ടുവേണം പ്രമേയത്തെ അനുകൂലിക്കയൊ പ്രതികൂലിക്കയൊ ചെയ്യാൻ.

Mr. J. John Kattakayam: മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നൊ, പ്രതികൂലിക്കുന്നോ?

Mr Tariatu Kunjitomman. ഞാൻ സംസാരിച്ചുകഴിയുമ്പോൾ മനസ്സിലാകും. ചോദ്യങ്ങളൊക്കെ ഒടുവിൽ ചോദിക്കണമെന്നു അനേകം ആവർത്തി പറയുകയുള്ള മെമ്പർ മറ്റുള്ളവർ സംസാരിക്കുമ്പോൾ അതിനു വിപരീതമായി പ്രവർത്തിക്കുന്നതു ശരിയല്ല. പ്രസംഗമല്ലെ വെറുതെ മറുപടി പറഞ്ഞും എഴുന്നേറ്റും ഇടയ്ക്കും സമയം കളയാൻ ഞാൻ തയ്യാറില്ല. അതുകൊണ്ടു ചോദ്യങ്ങൾ ഒടുവിൽ ആയാൽ ഉത്തരം പറയാം.

Mr. J. John Kattakayam: ഒടുവിൽ വീട്ടിൽവച്ചൊ, റോഡിൽവച്ചൊ എവിടെവച്ചാണു പറയുവാൻ പോകുന്നതു്?

Mr. Tariatu Kunjitomman: സർ, ഈ രാജ്യത്തു ഭൂനികുതിദായകന്മാരായി പന്ത്രണ്ടു ലക്ഷം ആളുകൾ ഉണ്ടെന്നാണു സെൻസസ്സു റിപ്പോർട്ടുകൊണ്ടു കാണുന്നതു്. ഭൂരിപക്ഷം നികുതിദായകന്മാരും അതായതു ൪൫ ശതമാനവും ൫ രൂപയ്ക്കുതാഴെ നികുതികൊടുക്കുന്നവരുമാണു്. കർഷകഭൂരിപക്ഷത്തിനു ഗവണ്മെൻറു എന്തെങ്കിലും ഒരാശ്വാസ്യം ചെയ്യണമെന്നു പറയുമ്പോൾ അതു കർഷക കഷ്ടതക്കു എത്രമാത്രം പരിഹാരം വരുത്തുമെന്നു ചിന്തിക്കണം. ൪൫ ശതമാനം കർഷകർക്കു, അതായതു, ഭൂരിപക്ഷത്തിനു ൨ ½ രൂപയും അതിൽ കുറഞ്ഞും വീതംഇളച്ചുകിട്ടുന്നതുകൊണ്ടു അവർക്കെന്തുഗുണം? ഗവണ്മെൻറിനു ഫ്രീ ലക്ഷം രൂപയുടെ നഷ്ടവും വരുന്നു. ജനങ്ങൾക്കു ഇതുകൊണ്ടു സാരമായ രക്ഷയുണ്ടെങ്കിൽ ഫ്രീ ലക്ഷമല്ല കോടിക്കണക്കിനു നഷ്ടംവന്നാലും ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ൻറു സഹിക്കതന്നെവേണം. ജനങ്ങളുടെ ക്ഷേമത്തെ ലാക്കാക്കി പ്രവ
ത്തിക്കേണ്ട ഒരു സ്ഥാപനമാണല്ലൊ ഗവണ്മെൻറു. ആദായത്തെമാത്രം
നോക്കേണ്ട ഒരു കച്ചവടക്കമ്പനിപോലെ ഗവണ്മെൻറു വർത്തിക്കരുതു്.
എല്ലാ ഗവണ്മെൻറുകളും ജനങ്ങളുടെ ക്ഷേമത്തെ സർവപ്രധാനമായിപ
